LIBRARY ARCHIVES Kerala Legislative Assembly

പോലീസ് വകുപ്പിലെ ഡ്രൈവർ നിയമനം

179 (2999) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ ഡ്രൈവർ തസ്തികയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ ലിസ്റ്റ് നിലവിലുണ്ടെന്ന് പറയാമോ ;

(ബി) റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ നികത്തുവാൻ കാലതാമസം വരുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും അതു പരിഹരിക്കുവാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള ഏതെങ്കിലും ജില്ലയിൽ താൽക്കാലികമായി ജോലി ചെയ്യുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം നടപടികൾ ഒഴിവാക്കി നിലവിലുള്ള മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. എല്ലാ ബറ്റാലിയനുകളിലെയും ലിസ്റ്റ് നിലവിലുണ്ട്.

(ബി&സി) ഇല്ല.

(ഡി) പിരിവ് 'സി' ക്കുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പോലീസ് ഉദ്യോഗസ്ഥർ എതിർകക്ഷികളാകുന്ന കേസുകൾ

180 (3000) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉദ്യോഗസ്ഥർ എതിർകക്ഷികളാകുന്ന കേസുകൾ സർക്കാർ ശ്രദ്ധിക്കാറുണ്ടോ ;

(ബി) കോടതി വെറുതെവിട്ട കേസുകളുടെ നടത്തിപ്പിനുവേണ്ടി ചെലവായ തുക സർക്കാർ ഉദ്യോഗസ്ഥർക്ക് നൽകാറുണ്ടോ ;

(സി) 1993-95 കാലയളവിൽ നോർത്ത് പറവൂർ സർക്കിൾ ഇൻസ്പെക്ടറായിരുന്ന ശ്രീ. എസ്. ഗോപിനാഥന് സി.സി. 229/94 പ്രകാരം കോടതി അലക്ഷ്യ കേസ് നടത്തിയതുമായി ബന്ധപ്പെട്ട് ചെലവായ തുക അനുവദിക്കാനുണ്ടോ ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ ;

(ഡി) സംസ്ഥാന പോലീസ് മേധാവി ഡി.ഒ.നമ്പർ U2-13125/2006 തീയതി 8-5-2014 പ്രകാരം ആഭ്യന്തര വകപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഇ) ഉക അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി-ഇ) 1993-95 കാലയളവിൽ നോർത്ത് പറവൂർ സർക്കിൾ ഇൻസ്പെക്ടറായിരുന്ന ശ്രീ. എസ്. ഗോപിനാഥന് സി. സി. 229/94 പ്രകാരം കോടതിയ ലക്ഷ്യക്കേസ് നടത്തിയതുമായി ബന്ധപ്പെട്ട് ചെലവായ ഉക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

സുരക്ഷാഭീഷണി

181 (3001) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ കേന്ദ്രമന്ത്രിമാരായ ആർക്കെങ്കിലും നിലവിൽ സുരക്ഷാ ഭീഷണിയുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആർക്കെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ബി) മുൻ കേന്ദ്രമന്ത്രിമാർക്കോ എം.പി.മാർക്കോ സുരക്ഷാഭടൻമാരെ അനുവദിക്കാൻ നിലവിലുള്ള വ്യവസ്ഥകൾ വിശദീകരിക്കാമോ ;

(സി) നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ആർക്കെങ്കിലും സുരക്ഷാഭടൻമാരെ അനുവദിച്ച് കൊടുത്തിട്ടുണ്ടോ ; എങ്കിൽ ആർക്കൊക്കെ എന്ന് വ്യക്തമാക്കാമോ ;

(ഡി) സുരക്ഷാഭീഷണിയില്ലാത്തവർക്ക് സുരക്ഷാഭടൻമാരെ അനുവദിച്ചതായി പറയപ്പെടുന്ന നടപടി പുനഃപരിശോധിക്കാനുദ്ദേശമുണ്ടോ ; ജോലിക്ക് ഹാജരാകാതെ ഹാജർ അടയാളപ്പെടുത്തിയതായി ഏതെങ്കിലും സുരക്ഷാഭടനെതിരെ പരാതി ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. മുൻകേന്ദ്രമന്ത്രിമാരായ ശ്രീ. ശശി തരൂർ, ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ എന്നിവർക്ക് സുരക്ഷാ ഭീഷണിയുള്ളതായും മുൻ കേന്ദ്ര പ്രതിരോധ മന്ത്രി എന്ന നിലയിൽ ശ്രീ. എ. കെ. ആന്റണി അവർകൾക്ക് വേണ്ട സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തണമെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly